C 31212

(Pages : 3)

Name.......................................

Reg. No....................................

# THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Malayalam

## MAL 3B 03—മലയാള കവിത—ഉത്തരഘട്ടം

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 'അകൃതകം' എന്ന വാക്ക് ഏത് അർത്ഥത്തിലാണ് 'ഉർവശീ നൃത്തം' എന്ന കവിതയിൽ പ്രയോഗിച്ചിരിക്കുന്നത് ?

2 വിശ്വനായകന്റെ സർഗ്ഗലീലയിൽ എന്തു നിഴലിക്കുന്നുവെന്നാണ് കവി നിരീക്ഷിക്കുന്നത് ?

3 ഇവിടെ ജനിപ്പീല, ഇവിടെ മരിപ്പീല—ആര് ?

4 "നാടകമേ . . . യുലകം ;

നാളെ നടപ്പതേ–യാരറിവാർ–ഒരു

നാടകമേ . . . യുലകം !"

—ഈ പാട്ട് പാടുന്ന കഥാപാത്രം ഏത് ?

5 കണ്ണാശുപത്രിയുടെ പർണ്ണാശ്രമത്തിലിരുന്ന് കടങ്കഥ പറയുന്നത് ആരാണ് ?

6 ചെകുത്താനുവേണ്ടി തീർത്ത ചങ്ങല ആരുടെ കൈകളിലാണ് വീണത് ?

7 "നീളമറ്റ ചിറകുമായ് നമ്മൾ

നേരിടാനോ നിവൃത്തിയില്ലല്ലോ !"

—ആരെ നേരിടാൻ ?

8 'നീതിയുടെ വൃക്ഷം' ആര് രചിച്ച കവിതയാണ് ?

9 "എനിക്കു കൊതി നിൻ വാലിൻ

രോമം കൊണ്ടൊരു മോതിരം"

—ആരോടാണ് ഈ അപേക്ഷ ?

Turn over

10 "ആരെന്നെനിക്കറിയായ്കയ,ല്ലെങ്കിലും

പേരു പറവതു ഭംഗിയോ കൂട്ടരേ ?"

—ആരെക്കുറിച്ചാണ് ഈ പരാമർശം ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 കാളവണ്ടിക്കാരന് കവി നൽകുന്ന വിശേഷണമെന്ത് ?

12 തള്ളക്കോഴി കുഞ്ഞുങ്ങൾക്ക് ആരെയൊക്കെപ്പറ്റിയാണ് മുന്നറിയിപ്പ് നൽകുന്നത് ?

13 "തൻ സഹപാഠിയെ രക്ഷിക്കുവാൻ മന്ത്രി

വൻ പരിപാടിക്കു രൂപം കൊടുക്കയായ്"

—എന്തായിരുന്നു അത് ?

14 'എരിതീയിന്റെ കരയ്ക്കിരിക്കയാം'—ആര് ? വ്യക്തമാക്കുക.

15 " —————— അറേബ്യയിൽ

കഥയെ മൃത്യുഞ്ജയ-

മന്ത്രമായ് വരിച്ചവൾ"

—സൂചിതമെന്ത് ?

(5 × 2 = 10 marks)

III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 150 വാക്കിൽ കവിയരുത് :

16 നൃത്തം ചെയ്യുന്ന ഉർവശിയെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

17 'ദിവ്യ ദുഃഖത്തിന്റെ നിഴലിൽ' എന്ന കവിതയിൽ കവി വിശ്വനായകനോട് പറയുന്ന കാര്യങ്ങൾ ചുരുക്കിയെഴുതുക.

18 'പാതാളത്തിന്റെ മുഴക്കം' എന്ന കവിതയിലെ 'യൗവനം' എന്ന ഖണ്ഡത്തിലെ ആശയം സംഗ്രഹിച്ചെഴുതുക.

19 'കാളകൾ' എന്ന കവിതയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഗ്രാമീണ ദൃശ്യങ്ങൾ എന്തെല്ലാം ?

20 "കണ്ണു വേണമിരുപുറമെപ്പൊഴും

കണ്ണു വേണം മുകളിലും താഴേം"

—ആശയം വികസിപ്പിച്ച് കവിതയിലെ പ്രമേയവുമായി ബന്ധപ്പെടുത്തുക.

21 മേഘരൂപൻ എന്ന കവിതയ്ക്ക് ലഘു പഠനമെഴുതുക.

22 'ബുദ്ധന്റെ ദാമ്പത്യദുഃഖം' എന്ന പുസ്തകത്തെ പരിചയപ്പെടുത്തുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 300 വാക്കിൽ കവിയരുത്. 10 മാർക്ക് വീതം :

23 പാപബോധത്തിന്റെ സൂക്ഷ്മമായ ആവിഷ്കാരമാണ് 'മാനസാന്തരം' എന്ന കവിത—ചർച്ച ചെയ്യുക.

24 'പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ' എന്ന കവിതയ്ക്ക് സ്ത്രീപക്ഷ വായന തയ്യാറാക്കുക.

25 മലയാള കവിതയിലെ ആധുനികതയുടെ പ്രത്യേകതകൾ 'മൃത്യുപൂജ'യിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നു ? വിശദമാക്കുക.

26 ആക്ഷേപഹാസ്യ (satire) കവിതയെന്ന നിലയിൽ 'അവസരോചിത'ന് ലഘു പഠനമെഴുതുക.

27 'പാതാളത്തിന്റെ മുഴക്കം' എന്ന കവിതയിലെ നായകൻ, രാക്ഷസൻ എന്നീ കഥാപാത്രങ്ങൾക്ക് സ്വഭാവ നിരൂപണമെഴുതുക.

28 'കഥന'ത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രധാന സാംസ്കാരിക പ്രശ്നത്തെ വിശകലനം ചെയ്യുക.

(4 × 10 = 40 marks)